# വാചകമടിച്ചാൽ മതിയോ?

**സമാധാനത്തിനുള്ള** നോബൽ സമ്മാനം ലഭിച്ചപ്പോൾ ഒബാമ ചോദിച്ചു: 'കഴിഞ്ഞ കാലങ്ങളിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയവരുടെ പട്ടികയിൽ ഇടംനേടാൻ അർഹനാണോ ഞാൻ?' ഇതുതന്നെയാണ് ലോകത്തിന്റെയും ചോദ്യം.

സമാധാനത്തിനുള്ള നോബൽ പ്രൈസ് കമ്മിറ്റിയംഗങ്ങൾ അവാർഡ് നിർണയിക്കാൻ വേണ്ടത്ര യോഗ്യരല്ല എന്ന അഭിപ്രായം പലർക്കുമുണ്ട്. നോർവെ പാർലമെന്റിലെ കേവല രാഷ്ട്രീയക്കാർ മാത്രമാണ് ആ കമ്മിറ്റിയിൽ ഉള്ളത്. നോബൽ (സമാധാനത്തിനുള്ള) കമ്മിറ്റിയുടെ ചെയർമാനായ തോർബ് യോൺ ജഗ്‌ലെന്റ് (Thorb Jorn Jagland) സമാധാനത്തെക്കുറിച്ച് ഒബാമയുടെ അതേ കാഴ്ചപ്പാട് കാത്തുസൂക്ഷിക്കുന്നയാളാണെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചാലറിയാം.

ഏറ്റവും അത്ഭുതകരം, ഒബാമ അധികാരത്തിലെത്തി പത്തു ദിവസത്തിനുള്ളിലാണ് ഒബാമയുടെ നോമിനേഷൻ നടക്കുന്നത്; സ്വന്തം രാജ്യത്തെ ആഭ്യന്തര പ്രശ്നങ്ങളിലും അഫ്ഗാൻ, ഇറാഖ്, ഇറാൻ, നോർത്ത് കൊറിയ, വെനിസ്വല, താലിബാൻ പോലുള്ള അന്താരാഷ്ട്ര വിഷയങ്ങളിലും ഒരു അഭിപ്രായം പോലും പറയും മുമ്പ്.

അധികാരത്തിൽ ഒമ്പത് മാസം പോലും വളർച്ചയെത്താത്ത ഒബാമ ചെയ്ത സുകൃതം എന്താണാവോ? സമാധാനത്തിനുവേണ്ടിയുള്ള ഒച്ചയിടലോ? പ്രതീക്ഷയെയും മാറ്റത്തെയും കുറിച്ച വാഗ്ദാനങ്ങളോ? മോഹനവാഗ്ദാനങ്ങൾ കൊണ്ട് ഉണ്ടാക്കാവുന്നതല്ലല്ലോ സമാധാനം. ഇറാൻ, ഫലസ്ത്വീൻ, ഇറാഖ്, വടക്കൻ കൊറിയ, ആണവായുധ മുക്ത ലോകം, പരിസ്ഥിതി പ്രശ്നം തുടങ്ങിയവയിലൊക്കെ പോസിറ്റീവായ നിലപാട് സ്വീകരിച്ച് അത് പ്രാവർത്തികമാക്കി വേണം ഒബാമ കഴിവ് തെളിയിക്കാൻ.

നോബൽ കമ്മിറ്റി തന്നെ പറഞ്ഞതുപോലെ, ഈ സമ്മാനം ഒബാമക്കുള്ള ഒരു പ്രചോദനമാണ്. ഒബാമയുടേത് മഹനീയ ലക്ഷ്യങ്ങൾതന്നെ. പക്ഷേ, യാഥാർഥ്യമാക്കാൻ ശ്രമിക്കാത്ത ഇത്തരം മഹനീയ ലക്ഷ്യങ്ങൾ മതിയോ നോബൽ സമ്മാനം ലഭിക്കാൻ?

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**
farookusman@gmail.com

# കാടടച്ച് വെടിവെക്കരുത്

**കഴിഞ്ഞ** രണ്ട് ലക്കങ്ങളിലായി വന്നുകൊണ്ടിരിക്കുന്ന, 'മതസംവാദങ്ങൾ തെറ്റും ശരിയും' എന്ന കവർസ്റ്റോറിയെ കണ്ണടച്ച് ഇരുട്ടാക്കുന്ന ചില പ്രതികരണങ്ങളാണ് ഈ കത്തിന്നാധാരം. എം.എം അക്ബർ സംവാദങ്ങളിൽ അനുവാചകരെ മലർത്തിയടിച്ചതായാണ് നാജിദാ ബാനുവിന്റെ ഗവേഷണം. ശൈഖ് മുഹമ്മദ് കാരകുന്ന് ചിന്താധാരക്കും ബുദ്ധിപരമായ ശേഷിക്കും ഊന്നൽ നൽകുമ്പോൾ, അക്ബർ സാഹിബ് മിതത്വം പാലിക്കാതെ ചോദ്യകർത്താക്കളെ അടിച്ചിരുത്തുന്നു എന്നാണ് കുറിപ്പുകാരിയുടെ പ്രധാന ആക്ഷേപം. കാടടച്ച് വെടിവെക്കുന്ന വരമൊഴി 'സംസ്കാരം' ഒരാൾക്കും ഭൂഷണമല്ല.

നാടോടിക്കഥയും ക്രിസ്ത്യൻ സുഹൃത്തിന്റെ അനുഭവവുമൊക്കെ വിവരിച്ച് വാചാലയാകുന്ന സഹോദരി, നിച്ച് ഓഫ് ട്രൂത്ത് സ്നേഹസംവാദ സദസ്സുകളിൽ ഒരു കാരണവശാലും കൈയടിക്കരുതെന്ന് സദാ താക്കീത് നൽകുന്ന എം.എം അക്ബറിന്റെ നല്ല മനസ്സിനെയാണ് കാണാതെ പോയത്. ഡയലോഗ് സെന്റർ കേരളയുടെ ചങ്ങ

നാശ്ശേരി പ്രോഗ്രാമിന് സാക്ഷിയായ ഒരാൾ എന്ന നിലക്ക് അതിന്റെ മെറിറ്റും ഡിമെറിറ്റും പറഞ്ഞ് ഒരു നിരൂപകന്റെ റോളിൽ പ്രത്യക്ഷപ്പെടാൻ എനിക്കാവും. തങ്ങളുടെ കക്ഷി എന്തു പറഞ്ഞാലും അത് തൊണ്ട തൊടാതെ വിഴുങ്ങി, മറ്റു സംഘടനകളെ കൊച്ചാക്കുന്ന പ്രവണത 'മഴവിൽ ലോകത്തെ' ഇസ്‌ലാമിക ബഹുസ്വരതക്ക് ചേർന്നതാണോ?

സർവമത സത്യവാദം ഉട്ടോപ്യൻ ആശയമാണ് എന്നതിൽ ഇസ്‌ലാമിന്റെ വക്താക്കൾ സന്ദേഹിക്കുന്നതെന്തിന്? സത്യമതത്തിന്റെ വെളിച്ചം എത്താത്തവർക്ക് എത്തിച്ചുകൊടുക്കലാവണം പ്രബോധകരുടെ സംവാദ ലക്ഷ്യമെന്നും, വീറിനും വാശിക്കും ഒട്ടും സ്ഥാനമില്ലെന്നും എം.എം തന്നെ ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്.

തൗഹീദി(ഏകദൈവവിശ്വാസം)ന് പ്രബോധനത്തിന്റെ മുൻഗണനാക്രമത്തിൽ പ്രഥമസ്ഥാനം നൽകണമെന്നത് പടച്ചതമ്പുരാന്റെയും പ്രവാചകന്മാരുടെയും ശാസനയാണ്. ഇതിനെ നാമെന്തിന് കാറ്റിൽപറത്തണം? ഇസ്‌ലാമിക പ്രബോധനത്തിനും ആദർശ തത്ത്വസംഹിതക്കും വേണ്ടി കഴിയുന്നത് ചെയ്യാനും സത്യത്തിന്റെ പ്രകാശംപരത്താനും പാവപ്പെട്ടവന്റെ കണ്ണീരൊപ്പാനുമെല്ലാം നമുക്ക് സാധിക്കണം. എങ്കിലേ ഇസ്‌ലാം സമ്പൂർണമാകൂ.

**എം.കെ സലീം പാവറട്ടി**

# മധ്യമ നിലപാടല്ലേ ഉചിതം

'**നല്ല** നിലക്ക് ഗുണകാംക്ഷയോടു കൂടിത്തന്നെ കാര്യങ്ങൾ തുറന്നു പറയുന്ന രീതിയാണ് വേണ്ടതെ'ന്നും 'ഇസ്‌ലാം മാത്രമാണ് സത്യമെന്ന് സ്ഥാപിച്ചുകൊണ്ട് സംസാരിക്കുകയാണ് മതസംവാദങ്ങളിൽ മുസ്‌ലിം ചെയ്യേണ്ടതെ'ന്നും എം.എം. അക്ബർ നിരീക്ഷിക്കുന്നു (ലക്കം: 11). ഇത് ഏറെ പ്രസക്തമാണെന്നും സത്യംതേടി സംവാദങ്ങളിലേക്ക് വരുന്ന ആളുകൾക്ക് അത് വളരെ ഫലപ്രദമാവുമെന്നും ഹസനുൽ ബന്നാ കുഞ്ഞിമംഗലം എഴുതുന്നു (കത്തുകൾ- ലക്കം 16).

"യുക്തിദീക്ഷയോടും സദുപദേശത്തോടും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക" എന്നതാണല്ലോ വിശുദ്ധ ഖുർആന്റെ അധ്യാപനം. പറയുന്നത് സത്യമായാൽ പോരല്ലോ. പറയേണ്ട നേരത്ത്, പറയേണ്ട ശൈലിയിൽ പറയേണ്ടതും പ്രബോധനത്തെ സംബന്ധിച്ചേടത്തോളം പ്രാധാനമാണ്. "നിശ്ചയമായും അല്ലാഹുവിങ്കൽ ദീൻ ഇസ്‌ലാമാകുന്നു" എന്നും, "ഇസ്‌ലാം അല്ലാത്തതിനെ ആര് ദീനായി തേടിയാലും അത് സ്വീകാര്യമാവുകയില്ല" എന്നും ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ, അപ്പറഞ്ഞതിന്റെ പൊരുളും പശ്ചാത്തലവും അമുസ്‌ലിംകളായ സംബോധിതർക്ക് വ്യക്തമാക്കിക്കൊടുത്തില്ലെങ്കിൽ അവർ തെറ്റിദ്ധരിക്കാനും ഇസ്‌ലാം തനി സങ്കുചിതമാണെന്ന് ആരോപിക്കാനും ഇടവരും. ഒരനുഭവം: നാട്ടിലെ കടപ്പുറത്തുകാരനായ, പ്രാഥമിക വിദ്യാഭ്യാസം ഏറെയൊന്നും ലഭിച്ചിട്ടില്ലാത്ത ഒരമുസ്‌ലിം സുഹൃത്തിന് ഏതാനും മാസങ്ങൾ കൊണ്ട് ഇസ്‌ലാമിനെ പരിചയപ്പെടുത്തിവരികയായിരുന്നു. അതിനിടെ ഒരു ഉൽപതിഷ്ണു മതസംഘടനയുടെ ദമ്മാമിലെ രണ്ടു മൂന്ന് പ്രവർത്തകർ അദ്ദേഹത്തെ സന്ദർശിക്കുകയും ഏതാനും മിനിറ്റ് നേരം ഇസ്‌ലാമിനെക്കുറിച്ച് സംസാരിച്ച് മോക്ഷം ലഭിക്കണമെങ്കിൽ ഇസ്‌ലാമിലൂടെയല്ലാതെ സാധ്യമല്ലെന്നും പറഞ്ഞ് ഏതാനും പുസ്തകങ്ങൾ നൽകുകയും ചെയ്തു. പതിവുപോലെ ചെന്ന എന്നോട് വന്നവരെക്കുറിച്ച് മോശമായാണ് സൗഹൃത്ത് പ്രതികരിച്ചത്. പ്രബോധിതരുടെ വ്യതിചലനങ്ങളെ സ്നേഹപൂർവം തലോടുന്ന നിലപാടിനും കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്ന ആത്യന്തിക നിലപാടിനും ഇടക്ക് ഒരു മധ്യമ നിലപാട് സ്വീകരിക്കുന്നതായിരിക്കില്ലേ ഉചിതം?

**അബൂഹബീബ് ദമ്മാം, കെ.എസ്.എ**

# വല്ലാത്തൊരു സംഗമം

***പ്രബോധനം*** അറുപതാം വാർഷിക ഉദ്ഘാടന സമ്മേളനത്തിന് എടയൂരിൽ എത്തിച്ചേർന്ന പലരും വാർധക്യത്തിലെത്തിയവരാണ്. അവരുടെയൊക്കെ മുഖങ്ങളിൽ യുവത്വത്തിന്റെ ആവേശം. ഈയുള്ളവൻ കുറച്ചകലെ ഇരുപ്പുറപ്പിച്ച വയോധികനായ ഒരു കർമയോഗിയെ ശ്രദ്ധിച്ചു. വളരെ ശ്രദ്ധയോടെ അദ്ദേഹം പരിപാടി കേൾക്കുന്നു. കൈയിൽ ഒരു തുണിസഞ്ചിയുണ്ട്. ഇഅ്ജാസ് അസ്‌ലം സാഹിബ് പ്രഭാഷണത്തിന് ക്ഷണിക്കപ്പെട്ടപ്പോൾ തുണിസഞ്ചിയിൽ കരുതിയ ബൈനോക്കുലർ പുറത്തെടുത്ത് അദ്ദേഹം സദസ്സിനെയാകെ വീക്ഷിക്കുന്നു. പരിപാടി പൂർണമാവും മുമ്പ് സ്ഥലംവിടാൻ നിർബന്ധിതനായതിനാൽ എനിക്ക് ആ കർമയോഗിയെ ഒന്ന് കൈപിടിച്ച് സന്തോഷംകൊള്ളാൻ കഴിയാതെ പോയി.

ഇനിയെപ്പോഴെങ്കിലും അദ്ദേഹത്തെ ഒന്നു ആശ്ലേഷിക്കാനവസരം ലഭിക്കുമോ?! എടയൂരിലെ സംഗമം അവാച്യമായ, വല്ലാത്തൊരനുഭൂതി തന്നെ.

**പി. ഹാറൂൻ കണ്ണൂർ**

# ചികിത്സാ ഇൻഷുറൻസ് പോളിസിയും മുസ്‌ലിംകളും

**ആരോഗ്യ** മേഖലയിൽ സാധാരണക്കാർക്ക് സൗജന്യമായി ലഭിച്ചു വന്നിരുന്ന ചികിത്സാ സൗകര്യങ്ങൾ ആഗോളവത്കരണത്തിന്റെയും പുത്തൻ സാമ്പത്തിക പരിഷ്കരണങ്ങളുടെയും അനന്തരഫലമായി സർക്കാർ അവസാനിപ്പിക്കുകയാണ്. ഇനി മുതൽ ബി.പി.എൽ കാർഡുടമകൾക്ക് മാത്രം സർക്കാരാശുപത്രിയിലെ സൗജന്യചികിത്സ മതിയെന്നാണ് കേന്ദ്ര സർക്കാർ ഭാഷ്യം. ഇത് നടപ്പാക്കുന്നത് കേന്ദ്ര സർക്കാറിന്റെ കീഴിൽ ദേശ വ്യാപകമായി ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചുകൊണ്ടാണ്. കേരള സർക്കാർ എ.പി.എൽ കാർഡുടമകൾക്കും പ്രസ്തുത ഇൻഷുറൻസ് പോളിസിയിൽ ചേരാമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാറും ഇൻഷുറൻസ് കമ്പനിയും സംയുക്തമായി നിർവഹിക്കുന്ന പുതിയ ഇൻഷുറൻസ് സംവിധാനത്തിൽ പോളിസി എടുക്കുന്നവർക്ക് പ്രതിവർഷം 30,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കും. പോളിസി എടുക്കാത്ത ബി.പി.എൽകാരും എ.പി.എൽകാരും സർക്കാർ സഹായത്തിന് പുറത്താണ്. അവർക്ക് താങ്ങാനാവാത്ത ചികിത്സാ ചെലവ് വഹിക്കേണ്ടിവരും. അതുമൂലം വൻ കടബാധിതരാവാനാണ് അവരുടെ വിധി.

സാധാരണക്കാരന്റെ ആരോഗ്യ പരിരക്ഷാ വിഷയത്തിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്ന പുതിയ നിർദേശങ്ങളോട് ഒരു വിപ്ലവ സംഘവും പ്രതികരിച്ചു കണ്ടില്ല. സർക്കാർ ആശുപത്രികൾ ഏക ചികിത്സാകേന്ദ്രമായി കാണുന്ന ദരിദ്രരായ സാധാരണ മുസ്‌ലിംകൾ ഈ പോളിസി എടുക്കുന്നതിന്റെ ശരി തെറ്റുകളെ കുറിച്ച് ഒരു മുസ്‌ലിം സംഘടനയും പ്രതികരിച്ചതായും കാണുന്നില്ല. ഉദാരവൽകരണത്തിന്റെ ഇക്കാലത്ത് പൊതുജനങ്ങളുടെ പ്രശ്നങ്ങൾ ആർക്കും പ്രസക്തമായി തോന്നാതായോ?

**എ.എസ് കോഴിക്കോട്**

# ചുരുക്കെഴുത്ത്

***പ്രബോധനം*** പിറന്നുവീണ മണ്ണ് നേരിൽ കാണണമെന്ന അതിയായ ആഗ്രഹത്തോടെയാണ് പ്രതികൂല കാലാവസ്ഥയും ആരോഗ്യ പ്രശ്നങ്ങളും കണക്കിലെടുക്കാതെ എടയൂരിലേക്ക് തിരിച്ചത്. അറുപതാം വാർഷികത്തിന്റെ ചടങ്ങ് ആരംഭിക്കാറായപ്പോഴേക്കും ഊന്നുവടിയുടെ സഹായത്താൽ തൊണ്ണൂറോടടുത്തവരുടെ വരവായി. ആ കാഴ്ച കണ്ടിരിക്കുമ്പോൾ മനസ്സ് പറഞ്ഞറിയിക്കാനാവാത്ത നിർവൃതിയിലായിരു

ന്നു. ആശംസാ ഭാഷണങ്ങൾ ആസ്വദിക്കാനല്ലായിരുന്നു മൈലുകൾ താണ്ടിയുള്ള ഈ യാത്ര. *പ്രബോധന*ത്തെ നെഞ്ചേറ്റുന്നവരുടെ നെഞ്ചിടിപ്പിന്റെ താളം അറിയാൻ മാത്രമായിരുന്നു.

വീട്ടിലെത്തിയപ്പോൾ പാതിര കഴിഞ്ഞിരുന്നു. എന്നാലും ആ കാഴ്ച കാണാനായില്ലെങ്കിൽ വലിയ നഷ്ടമായേനേ.

**കെ.എ മമ്മൂട്ടി കവിയൂർ**